**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 11 സെന്റ് സ്ഥലവും അതിൽ സ്ഥിതി ചെയ്യുന്ന കെട്ടിടവും സൗജന്യമായി ട്രഷറി വകുപ്പിന് കൈമാറുന്നതിന് കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 1554/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 23.07.2019.

---

പരാമർശം :-1) കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 08/02/2017 -ലെ 14(1), 18/01/2018 - ലെ 18(5), 17/02/2018 - ലെ 14(1) നമ്പർ തീരുമാനങ്ങൾ.

2) ട്രഷറി ഡയറക്ടറുടെ 27/04//2017 -ലെ എ 1/14362/2016 നമ്പർ കത്ത്.

3) പഞ്ചായത്ത് ഡയറക്ടറുടെ 29.09.2018 -ലെ സി2/5677/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും അധീനതയിലുമുള്ള സർവ്വേ നമ്പർ 288/5- ൽ ഉൾപ്പെട്ട 11 സെന്റ് സ്ഥലവും അതിൽ സ്ഥിതി ചെയ്യുന്ന 2/150 നമ്പർ കെട്ടിടവും സൗജന്യമായി ട്രഷറി വകുപ്പിന് കൈമാറുന്നതിന് കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് പരാമർശം (1) പ്രകാരം തീരുമാനമെടുത്ത് പഞ്ചായത്ത് ഡയറക്ടർ മുഖേന അനുമതിയ്ക്കായി അപേക്ഷിച്ചിട്ടുണ്ട്. വളരെ പഴക്കം ചെന്നതും മേൽക്കൂര അടർന്നു വീഴുന്ന തരത്തിലുള്ളതുമായ കെട്ടിടത്തിലാണ് ട്രഷറി പ്രവർത്തിക്കുന്നത് എന്നതിനാലും സബ് ട്രഷറിയ്ക്കു വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്തിന് ഫണ്ട് ലഭ്യമല്ലാത്തതിനാലും സ്ഥലം വിട്ടുകൊടുക്കുന്ന പക്ഷം ട്രഷറി വകുപ്പ് പുതിയ കെട്ടിടം നിർമ്മിക്കുമെന്നതിനാലും ആണ് ഇപ്രകാരം തീരുമാനിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കല്ലൂർക്കാട് സബ് ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും അധീനതയിലുമുള്ള സർവ്വേ നമ്പർ 288/5- ൽ ഉൾപ്പെട്ട 11 സെന്റ് സ്ഥലവും അതിൽ സ്ഥിതി ചെയ്യുന്ന 2/150 നമ്പർ കെട്ടിടവും 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3(1)-ലെ വ്യവസ്ഥകൾക്ക് വിധേയമായി ട്രഷറി വകുപ്പിന് സൗജന്യമായി കൈമാറുന്നതിന് കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**മദീന ബീഗം. എ**

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി വകുപ്പ്.

ജില്ലാ കളക്ടർ, എറണാകുളം.

സെക്രട്ടറി, കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
റവന്യൂ ഡിപ്പാർട്ട്മെന്റ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ